# പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി പദ്ധതി ഉൽഘാടനം ചെയ്തു

ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നോർക്ക റൂട്സ് പ്രവാസികൾക്കുവേണ്ടി നടപ്പാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി പദ്ധതി ഉൽഘാടനം ചെയ്തു.

നമ്മുടെ നാടിൻറെ സർവ്വതോൻമുഖമായ വികസനത്തിന് എന്നും അക്ഷീണരായി പ്രവർത്തിക്കുന്ന പ്രവാസി സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി അവരുടെ ആരോഗ്യ സംരക്ഷണമാണ്.

പ്രവാസികളുടെ ആരോഗ്യ സംരക്ഷണത്തിന് സഹായകമായി ഏറ്റവും കുറഞ്ഞ നിരക്കിൽ ആരോഗ്യ പരിരക്ഷ നല്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി പദ്ധതി സർക്കാർ നടപ്പിലാക്കുന്നത്.

18നും 60നും ഇടയിൽ പ്രായമുള്ള പ്രവാസികൾക്കും അവരോടൊപ്പം വിദേശത്തു താമസിക്കുന്ന കുടുംബങ്ങൾക്കും പതിമൂന്ന് ഗുരുതര രോഗങ്ങൾക്ക് പ്രതിവർഷം 550 രൂപനിരക്കിൽ ഒരു ലക്ഷം രൂപവരെയുള്ള ഇൻഷുറൻസ് പരിരക്ഷ ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയാണ് സേവനദാതാക്കൾ.

നോർക്ക റൂട്ട്സ് അംഗീകാരമുള്ള പ്രവാസി സംഘടകൾ വഴിയും പ്രവാസികൾക്ക് നേരിട്ടും ഓൺലൈൻ വഴി ഈ പദ്ധതിയിൽ ചേർക്കാവുന്നതാണ്.

നോർക്ക റൂട്ട്സിൻറെ www.norkaroots.org എന്ന വെബ്സൈറ്റിലെ സർവീസ് വിഭാഗത്തിൽ പ്രവാസി ഐഡി കാർഡ് സെക്ഷനിൽ നിന്നും ഈ പദ്ധതിയിലേക്ക് അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് www.norkaroots.net എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടാതെ norka.raksha@gmail.com എന്ന ഇമെയിലിലും 91-471-2770582 എന്ന ഫോൺ നമ്പറിലും, 18004253939, 00918802012345 ( abroad through missed call ) എന്നീ ടോൾഫ്രീ നമ്പറുകളിലും വിവരങ്ങൾ ലഭിക്കുന്നതാണ്.